**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5758** **25-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ടി. എ. റഹീം</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി എത്ര രൂപ വീതം അനുവദിക്കണമെന്ന് തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷം വികസന ഫണ്ടിന്റെ വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% ആയി നിർണ്ണയിക്കുന്നതിനും പ്രസ്തുത ശതമാനം 30 ആകുന്നത് വരെ തുടർന്നുള്ള വർഷങ്ങളിൽ 0.5% വർദ്ധിപ്പിക്കുന്നതിനും സർക്കാർ തിരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി തുക വകയിരുത്തുന്നത് .</td></tr>
<tr><td>(ബി)</td><td>ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ എത്ര തുകയാണ് കൈമാറിയിട്ടുള്ളത്;</td><td>(ബി)</td><td>നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ആരോഗ്യ മേഖല ഗ്രാന്റും, നഗര തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 15 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ഒഴിച്ചുള്ള മുഴുവൻ തുകയായ 7048.72 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട് .</td></tr>
<tr><td>(സി)</td><td>നഗരസഭകൾക്ക് കേന്ദ്ര വിഹിതമായി ഓരോ സാമ്പത്തികവർഷവും എത്ര രൂപ വീതമാണ് ലഭ്യമാവുന്നത്; ഈ തുക കേന്ദ്രം നേരിട്ടാണോ നഗരസഭകൾക്ക് കൈമാറുന്നത്; വ്യക്തമാക്കാമോ?</td><td>(സി)</td><td>15-ാം കേന്ദ്ര ധനകാര്യ കമ്മിഷൻ സംസ്ഥാനത്തിന് 2021-22 മുതൽ 2025-26 വരെ മില്യൺ പ്ലസ് സിറ്റീസ്, നോൺ മില്യൺ പ്ലസ് സിറ്റീസ് എന്നീ വിഭാഗങ്ങളിലായി നഗരസഭകൾക്ക് തുക ശിപാർശ ചെയ്തിട്ടുള്ള തുക താഴെപറയും പ്രകാരമാണ് . ടി തുക ധനകാര്യ മന്ത്രാലയം സംസ്ഥാനത്തിന് അനുവദിക്കുമ്പോൾ ധനകാര്യ വകുപ്പിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10 ദിവസത്തിനകം അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ തുക പിൻവലിച്ച് ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള പി.എഫ്.എം.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.<br><br>15-ാം ധനകാര്യ കമ്മിഷൻ നഗരസഭകൾക്ക് ശിപാർശ ചെയ്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)<br><br>
<table>
<tr><th></th><th>2021/22</th><th>2022/23</th><th>2023/24</th><th>2024/25</th><th>2025/26</th></tr>
<tr><td>നോൺ മില്യൺ പ്ലസ് സിറ്റീസ്</td><td>336</td><td>348</td><td>368</td><td>390</td><td>398</td></tr>
</table>
</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | | |
| മില്യൺ പ്ലസ് സിറ്റീസ് | 256 | 265 | 281 | 297 | 303 |
| ആകെ | 592 | 613 | 649 | 687 | 701 |

സെക്ഷൻ ഓഫീസർ